# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1558** **15.02.2016 ൽ മറുപടിയ്ക്ക്**

## നാളികേര സംഭരണ സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേര സംഭരണത്തിന് സർക്കാർതലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;<br><br>(ബി) ഈ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തുന്ന സംഭരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;<br><br>(സി) എത്ര ടൺ കൊപ്ര/പച്ചത്തേങ്ങ ആണ് ഇക്കാലയളവിൽ സംഭരിച്ചതെന്ന് അറിയിക്കാമോ? | (എ), (ബി) & (സി) | നാളികേര വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനും നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ 01.01.2013 മുതൽ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എട്ടു ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലെയും തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടു ദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകിവരുന്നത്. പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. 01.01.2013 മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 371 കൃഷിഭവനുകളിൽ നിന്നും 83160 ടൺ പച്ചനാളികേരം കേരഫെഡ് സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ